**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:1388** **13.07.2016-ൽ മറുപടിയ്ക്ക്**

**ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികക്കുള്ള യോഗ്യത മാനദണ്ഡം**

| ചോദ്യം<br>ശ്രീ.കെ.രാജൻ | | ഉത്തരം<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ | ആരോഗ്യ വകുപ്പിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; | എ | ഉണ്ട്. കാറ്റഗറി നമ്പർ 428/2012. |
| ബി | ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികയുടെ യോഗ്യതാമാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ; | ബി | 1. സൈക്കോളജിയിൽ എം.എ<br>2. അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നും മെഡിക്കൽ ആന്റ് സോഷ്യൽ സൈക്കോളജിയിൽ എം.ഫിൽ/ഡിപ്ലോമ അല്ലെങ്കിൽ ഡി.എം.ഇ നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ക്ലിനിക്കൽ സൈക്കോളജി. |
| സി | എം.എ സൈക്കോളജിയ്ക്ക് തുല്യമായ എം.എസ്.സി. സൈക്കോളജി, ക്ലീനിക്കൽ സൈക്കോളജിസ്റ്റ് തസ്തികയിലേയ്ക്ക് യോഗ്യതാ മാനദണ്ഡമാക്കാത്തതെന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ; | സി | ആരോഗ്യ വകുപ്പിലെ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികയുടെ യോഗ്യത സംബന്ധിച്ച് സ്പെഷ്യൽ റൂൾസിന്റെ അഭാവത്തിൽ നിലനിൽക്കുന്ന എക്സിക്യൂട്ടീവ് ഓർഡർ -ൽ (ജി.ഒ (എം.എസ്207/87/ആ.കു.വ തീയതി 20.10.87) തത്തുല്യ യോഗ്യത നിഷ്കർഷിച്ചിട്ടില്ലാത്തതിനാൽ ടി യോഗ്യതകൾ സ്വീകരിക്കുവാൻ നിർവ്വാഹമില്ല. |
| ഡി | റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ യോഗ്യതാ മാനദണ്ഡപ്രകാരം ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികയിലേയ്ക്ക് എം.ഫിൽ (ക്ലിനിക്കൽ സൈക്കോളജി/മെന്റൽ ഹെൽത്ത് സോഷ്യൽ സൈക്കോളജി -നിംഹാൻസ്) അവശ്യ യോഗ്യതയായിരിക്കെ അതിൽ കുറഞ്ഞ യോഗ്യതകൾ മാനദണ്ഡമാക്കിയത് പുനപരിശോധിക്കുമോ? | ഡി | ഈ വിഷയം സർക്കാർ പരിശോധിക്കുന്നതാണ്. |

Deep

**സെക്ഷൻ ആഫീസർ**